ISSN 2319 - 4677 Kilippattu
Vol. XII Issue 11
മെയ് 2018 (1193 മേടം - ഇടവം)

# കിളിപ്പാട്ട്

മലയാളത്തിലെ സമ്പൂർണ മാസിക



## രതിബോധത്തിന്റെ കേശഭാരങ്ങൾ

മുടിമുറിച്ച് ഷണ്ഡീകരിക്കപ്പെട്ട
വൈധവ്യത്തിനും വാൽസല്യത്തിനും
എതിരെ കേശഭാരത്തിന്റെ
കെട്ടഴിച്ചുവിട്ടുകൊണ്ടാണ്
പുരുഷാധിപത്യസമൂഹത്തിനെതിരേയുള്ള
പ്രതിഷേധം കാനായി തുറന്നുവിട്ടത്.

## ബലപ്രയോഗം സമ്മതി

ഖസാക്കിന്റെ ഇതിഹാസത്തിലെ ലൈംഗികമതത്തിനും
മാധവകഥയിലെ പുത്രീസംഭോഗമതത്തിനും സമ്മതി നൽകുന്ന
കേരള ബുദ്ധിജീവി സമൂഹം ഖത്വാപ്രശ്നത്തിൽ
കഥയെഴുതുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ
ആത്മവഞ്ചനയുടെ പാതാളക്കാഴ്ചകളാണ് പുറത്തുവരുന്നത്.

## ലോകകവിത

വിസ്ലാവ സിംബോർസ്ക
ടെൻസിൻ സൺഡ്യു



ശിവദാസൻ എ കെ




# ആകാശം വരക്കുന്ന കുട്ടി

അച്ഛന്റെ തോളിലിരുന്നാണ് അവന്റെ യാത്ര. ബസ്സിറങ്ങി നടക്കാൻ തുടങ്ങിയിട്ട് കുറച്ചായി. ടാർ റോഡിൽ നിന്നുമിറങ്ങി പരന്നുകിടന്ന പാടത്തിന്റെ വരമ്പിലൂടെ പോകുമ്പോൾ അവൻ ആകാശത്തേക്ക് നോക്കി. വാതിലുകൾ തുറന്നു കിടക്കുകയാണ്. കുറെ കിളികൾ വരുന്നു, പോകുന്നു. അസ്തമിക്കാറായ സൂര്യന്റെ ചുവപ്പു വട്ടം കണ്ട് അവനത്ഭുതമായി. ഇങ്ങനെയൊരു ചുവപ്പു വട്ടത്തിൽ അവനിതിനു മുമ്പ് സൂര്യനെ കണ്ടിട്ടുണ്ടായിരുന്നില്ല. അച്ഛന്റെ തോളിലിരുന്ന് അവൻ തിരിഞ്ഞു നോക്കി. അക്ക തൊട്ടു പിന്നാലെയുണ്ട്.

അവളുടെ തലയിൽ വലിയൊരു ഭാണ്ഡക്കെട്ട്. പിന്നാലെ അമ്മ. അമ്മക്കും എടുത്താൽ പൊന്താത്ത ഒരു കെട്ടുണ്ട്. പിന്നെയും നോക്കിയപ്പോൾ തുമ്പികളെ കണ്ടു. ചുവപ്പും മഞ്ഞയും കലർന്ന തുമ്പികൾ. ഇത്രയും തുമ്പികളെ അവനാദ്യമായി കാണുകയാണ്. അച്ഛന്റെ തോളത്തിരുന്ന കുട്ടിയെ നോക്കി തുമ്പികൾ കണ്ണുമിഴിച്ചു. അവനു തോന്നി. തുമ്പികൾക്ക് അച്ഛന്റെ തോളത്തിരുന്നാൽ കൊള്ളാമെന്നാണ്. തനിക്കോ തുമ്പിയേപ്പോലെ പറക്കണമെന്നും. എവിടേക്കാണ് പോകുന്നതെന്ന് അവനറിയാം. പക്ഷേ സ്ഥലപ്പേരറിയില്ല. ഏതോ ഉത്സവപ്പറമ്പിലേക്കാണ്. ഉത്സവകാലം വന്നാൽ പിന്നെ അങ്ങിനെയാണ് യാത്ര. ഉത്സവപ്പറമ്പിൽ നിന്ന് ഉത്സവപ്പറമ്പിലേക്ക്.

അമ്മയുടേയും അക്കയുടേയും ഭാണ്ഡങ്ങളിലെ വർണബലൂണുകളെക്കുറിച്ചവനോർമവന്നു. കുട്ടികൾക്ക് മുന്നിൽ അണിഞ്ഞൊരുങ്ങി നിൽക്കാനാവാതെ ചാക്കിൽ ചുരുണ്ടു കൂടി വീർപ്പുമുട്ടുകയാവും അവയെല്ലാം.

അത് വീർപ്പിച്ച് ചരടിൽ കെട്ടി ബലൂൺ, ബലൂൺ എന്നാർത്ത് നടക്കുമ്പോൾ തോന്നും എല്ലാംകൂടി ഒന്ന് പൊങ്ങിപ്പോയെങ്കിൽ...



അങ്ങിനെപൊങ്ങിയാൽ അതിൽ ഞാന്ന് കിടന്ന് പോകാൻ എന്ത് രസമായിരിക്കും. ഉത്സവപ്പറമ്പിലെ കുട്ടികളെല്ലാം അവനെ അത്ഭുതത്തോടെ നോക്കും. അല്ലെങ്കിൽ ആരാണ് അവനെ ശ്രദ്ധിക്കുന്നത്. കുട്ടികളുടെ കണ്ണെല്ലാം അവൻ കൊണ്ടു നടക്കുന്ന ബലൂണിലല്ലേ.

പാടത്ത് പൊടിമണ്ണു പരത്തി ഒരു വണ്ടി ചുവന്ന നിറത്തിൽ ഓടുന്നതു കണ്ടു. അത് ഓടിത്തീർന്നിടത്ത് കറുത്ത മണ്ണ് പൊടിഞ്ഞു മലരുന്നു. കരിമരുന്നിന്റെ മണമുള്ള ഒരു കാറ്റ് അവനെ തൊട്ട് കടന്നു പോയി.

ഉത്സവപ്പറമ്പ് അടുക്കാറായിട്ടുണ്ട്.

ആകാശത്ത് ഒറ്റതിരിഞ്ഞ് ഒരു മിന്നൽ പുളഞ്ഞു. കുറേ നേരത്തേക്ക് മൗനം പൂണ്ട ശേഷം ആകാശമൊന്ന് മുരണ്ടു.

അവന്റെ അച്ഛൻ പെട്ടെന്ന് നിന്നു. തെല്ലൊരാശങ്കയോടെ അമ്മയുടെ മുഖത്തേക്ക് നോക്കി. അവിടേയും കറുപ്പ് കെട്ടുന്നത് അവൻ കണ്ടു. അമ്മയുടെ മുഖം അങ്ങിനെ തെളിയാറില്ല. അല്ലെങ്കിൽ ആരുടെ മുഖമാണ് അങ്ങിനെ തെളിയാറ്. അക്കൂട്ടത്തിൽ അവൻ മാത്രമല്ലേ ഉറക്കെ ചിരിക്കാറുള്ളൂ. കിളികളെയും തുമ്പികളെയും നോക്കി ഗോഷ്ടി കാണിക്കാറുള്ളൂ. ഉറക്കെ വർത്തമാനം പറയാറുള്ളൂ.

അൽപംകൂടി നടന്നപ്പോൾ പാടം മുറിച്ച്കടന്ന് പോകുന്ന ഒരു പാലം കുറുകെ വന്നു. അച്ഛൻ എന്തോ നിശ്ചയിച്ചതുപോലെ അങ്ങോട്ടേക്കു നടക്കാൻ തുടങ്ങി.

പാലത്തിന്റെ കീഴ്ഭാഗം ശൂന്യമായിക്കിടന്നു. അവിടവിടെയായി ആരോ കളഞ്ഞിട്ട ശീട്ടുകൾ പെറുക്കിയെടുത്ത് നടന്ന അവനെനോക്കി

അച്ഛൻ പറഞ്ഞു.

ടേയ് രാമകൃഷ്ണാ, മഴ വരുകിറതെടാ. അപ്പാ അന്ത പക്കം പോയ് പാക്കട്ടും.

പാലത്തിന് കീഴെ അവർ മാത്രമല്ല എന്ന് അവൻ കണ്ടു. അപ്പുറത്തും ഇപ്പുറത്തുമെല്ലാം ആളുകളുണ്ട്. കൂട്ടത്തിൽ കുട്ടികളുണ്ടോ എന്ന് നടന്നു നോക്കി. ആരെയും കണ്ടില്ല.

രാമകൃഷ്ണാ നീ എങ്കെപ്പോകിറുത്.

അമ്മ അവനെ തിരിച്ചു വിളിച്ചു.

അവൻ തിരികെ വന്ന് ഒരു കല്ലിൽ ഇരുന്നു.

അവൻ ദൂരേക്ക് നോക്കി. അപ്പാ നടന്നു പോയയിടം ഒരു കറുപ്പുപോലെ കണ്ടു. അതായിരിക്കും ഉത്സവം നടക്കുന്നയിടം. അവിടേക്ക് പോകാനവന് കൊതിയായി. അവന് ഉത്സവപ്പറമ്പ് ഇഷ്ടമാണ്. ഇങ്ങനെയൊരൊറ്റപ്പെടലില്ല. ഇഷ്ടംപോലെ ബലൂൺ വിറ്റു നടക്കാം. അപ്പൻ വൈകുന്നേരമായാൽ പലതരം പലഹാരങ്ങൾ വാങ്ങിക്കൊടുക്കും. ചിലപ്പോൾ വെടിക്കെട്ട് കാണാം. എന്തോ ഒന്ന് 'ശൂ 'എന്ന് മേലോട്ട് പോയി 'ഠോ' എന്ന് പൊട്ടും. അപ്പോൾ ആകാശത്ത് സൂര്യനുദിക്കുന്നപോലെ. പിന്നെ ചെവിയാട്ടി കരിങ്കറുത്ത് നിൽക്കുന്ന ആനകളെ കാണാം. അമ്പമ്പോ എന്തൊരു ഗമയാണീ ആനകൾക്ക്.

അവൻ വീണ്ടും ആകാശത്തേക്ക് നോക്കി. കറുപ്പ് നിറം കുറഞ്ഞ് വരുന്നു. പാലത്തിന്റെ തൂണിൽ വെളുത്ത നിറം പൂശി ആരോ നടത്തിയ ചുവരെഴുത്ത് മാഞ്ഞിരിക്കുന്നു. അങ്ങുമിങ്ങും നടന്നു നോക്കി. ഒരു കരിക്കഷ്ണം. ചുവന്ന കല്ല്. കുറച്ച് പച്ചില. അവന്റെ കണ്ണുകൾ തിളങ്ങാൻ തുടങ്ങി.

ആദ്യം വരച്ചത് ഉദിച്ചുയരുന്ന സൂര്യനെയാണ്. പിന്നെ ഒരു കാക്കയെ. കാക്കയുടെ കണ്ണിലപ്പടി വിശപ്പാണ്. കൊതിയൻ കാക്ക. എന്തെങ്കിലുമൊന്ന് തിന്നാൻ തുടങ്ങിയാൽ മതി വന്ന് മുഖത്തേക്ക് നോക്കിയിരുപ്പാണ്. വേറൊന്നുണ്ട്. വെളുത്ത് കൊക്കുനീണ്ടത്. വലിയ ഗമയാണ്. അവനെ കണ്ടഭാവം നടിക്കാറില്ല. അതിനെ വരക്കണോ എന്നവനാലോചിച്ചു. വേണ്ട. അതിന് വെള്ളനിറം വേണ്ടേ. കല്ലുരച്ച് ആകാശത്തിന് ചുവപ്പു നിറം കൊടുത്തു. പിന്നെയും കണ്ണിൽത്തടഞ്ഞത് എടുത്ത് പല നിറങ്ങൾ.

പിന്നിൽ അക്കാ വന്നു നിൽക്കുന്നു.

ഇതെന്ന പടം, വാനമാ

അവൻ കുറച്ചു നേരം മിണ്ടാതിരുന്നു. എന്നിട്ട് തിരിച്ചു ചോദിച്ചു.

സൂര്യന്ക്ക് വീടിരുക്കാ.

അക്ക അവനെ നോക്കി

സൂര്യന്ക്ക് വീട് കെടയാത്.

അവൾ വീണ്ടും ചോദിച്ചു.

ഇതു വാനമാ

അല്ല. വീട്

അവൾക്ക് മനസ്സിലായില്ല. പിറകിൽ നിന്ന് അവൾ പിറുപിറുത്തു.

തിരുട്ടു പയൽ, വാനപടത്തെ വീടെന്ന്.

അൽപ്പം കഴിഞ്ഞ് അപ്പാ വന്നു. അപ്പായ്ക്ക് ഇവിടെയെല്ലാം പരിചയമാണ്. അവനറിയാം. അപ്പായ്ക്ക് പരിചയമില്ലാത്ത ഉത്സവപ്പറമ്പുകളില്ല. പൂരപ്പറമ്പുകളിലെ കച്ചവടക്കാരില്ല. അവന്റെ അപ്പാ ചില്ലറക്കാരനല്ല. എത്ര പെട്ടെന്നാണ് ബലൂൺ വീർപ്പിക്കുക. വല്ലാത്തൊരു കൈയ്യടക്കത്തോടെ അത് ചരടിൽക്കെട്ടും. പിന്നെ അവനും അക്കാക്കും കൊടുക്കും. പക്ഷേ അപ്പാ എന്തിനാണാവോ അക്കയോട് ഇടക്കിടെ ദേഷ്യപ്പെടുന്നത്. അതു മാത്രം അവനറിയില്ല. ചോദിക്കാനാണെങ്കിൽ ഇതൊക്കെ ആരോട് ചോദിക്കാൻ.

അപ്പാ അമ്മയോട് എന്തൊക്കെയോ പറയുന്നു.

അമ്മ പാലത്തിന് കീഴെ കല്ലുകൂട്ടിയതിൽ വെച്ച് തിളപ്പിച്ചെടുത്ത കഞ്ഞി ഒരു പാത്രത്തിലെടുത്ത് അവനു കൊടുത്തു. പ്ലാസ്റ്റിക് കവറു പൊട്ടിച്ച് അച്ചാറും.

ഇപ്പോൾ പാടത്തിന് നടുക്ക് വെളിച്ചം നിറഞ്ഞിരിക്കുന്നു. പൂരപ്പറമ്പ് അടുക്കുംതോറുമുള്ള കോലാഹലങ്ങൾ ചെവിയിൽ മൂളുന്നു. ആദ്യം കണ്ടത് ആനയെയാണ്. അവന് സന്തോഷം അടക്കാനായില്ല. കുറച്ച് നാളായിട്ടുണ്ട് ആനകളെ കണ്ടിട്ട്.

ഉത്സവപ്പറമ്പിൽ വലിയ ആൾക്കൂട്ടമില്ല. ഒരു സ്റ്റേജ് കെട്ടിയിടത്ത് പെൺകുട്ടികളുടെ നൃത്തമാണ്. കുറച്ച് ബലൂണുകളുമായി അവൻ അങ്ങോട്ടേക്ക് പോയി. ഒരേ പോലെ വേഷം കെട്ടിയ കുറേ കുട്ടികൾ. ബൊമ്മകൾ പോലുണ്ട്. ആരും ബലൂൺ വാങ്ങിയില്ല. ബലൂണെല്ലാം അവൻ അക്കായെ ഏൽപ്പിച്ചു. ആളു കുറവായ പറമ്പിലൂടെ നടക്കാൻ തുടങ്ങി.

രാമകൃഷ്ണാ റൊമ്പ ദൂരമാ പോകാതെ.

അമ്മയാണ്.

അവൻ നടന്ന് ആന നിന്നിടത്തെത്തി. ആനയെ ഒരു തെങ്ങിൽ കെട്ടിയിട്ടിരിക്കുന്നു. അപ്പുറത്ത് ഒരു താൽക്കാലിക ഷെഡ് നിറയെ പലഹാരങ്ങൾ വിൽക്കാൻ വെച്ചിരിക്കുന്നു. പല നിറത്തിലുള്ളവ. അവൻ പലപ്പോഴൊക്കെ തിന്നതും തിന്നാത്തതുമെല്ലാമുണ്ട്. ഒരു വലിയ ചാക്കിൽ പൊരി നിറച്ചു വെച്ചിട്ടുണ്ട്. വലിയ പാക്കറ്റുകളിലും അതു നിറഞ്ഞിരിപ്പുണ്ട്. അവന് കുറച്ച് പൊരി തിന്നണമെന്ന് തോന്നി. ഇതുവരെ തിന്നാത്തതാണ്.

അവൻ ആനക്കു ചുറ്റും നടന്നു. ആന ഒരു കുസൃതിക്കാരനാണ്. എല്ലാ ആനകളെയും പോലല്ല. ഗമ കുറവാണ്. അവനെ നോക്കുന്നു. ഇടക്കിടക്ക് തുമ്പിക്കൈ പൊരിക്കടക്ക് നേരെ നീട്ടുന്നു.

അവനെപ്പോലെ തന്നെ ആനക്കും പൊരിതിന്നാൽ കൊള്ളാമെന്നാണ്. അവൻ ആനയെ നോക്കി. അതിന്റെ ഒരു കൊമ്പ് ഒടിഞ്ഞിട്ടാണ്. അവന് സങ്കടം വന്നു, ആരാണോ ആ കൊമ്പ് ഒടിച്ചത്. അതിനെ വിരട്ടി രണ്ടു പേർ നിൽക്കുന്നു. ഇത്രയും വല്യ ആന എന്തേ ഈയാളുകളെ പേടിക്കുന്നത്. ഈ മല്ലൻമാരെ അങ്ങ് വലിച്ചെറിയരുതോ.

അവൻ തിരിച്ചു നടന്നു. അമ്മയെ ഒരു മരച്ചുവട്ടിൽ കണ്ടു.

അവനെന്തോ പറയാൻ തുടങ്ങിയതാണ്. പക്ഷേ പെട്ടെന്ന് നിന്നു. അമ്മ ഒരു കറുത്തവനിൽ നിന്ന് എന്തോ വാങ്ങി ബ്ലൗസിനടിയിൽ തിരുകുന്നു. അപ്പനെന്തിനാണ് വീണ്ടും അക്കായോട് കയർക്കുന്നത്. ആ കറുത്തവനോടൊപ്പം അക്ക മനസ്സില്ലാമനസോടെ എങ്ങോട്ടാണ് പോകുന്നത്.

അക്കയുടെ കൈയ്യിൽ ബലൂണുകളൊന്നും ഉണ്ടായിരുന്നില്ല. പിന്നെന്തിന് പോയി.

അവൻ അമ്മയോട് ചോദിക്കാനായി ചെന്നു. അവരെങ്ങോ നോക്കി നിൽപ്പാണ്.

അവന് മടിയായി. അപ്പാവും അമ്മയും കൂടിയല്ലേ പറഞ്ഞു വിട്ടത്.

അവൻ കുറച്ചു നേരം അവിടെ ചുറ്റിപ്പറ്റി നിന്നു. പിന്നെ ചോദിച്ചു.

അമ്മാ ഇന്ത ആനകളുക്കെല്ലാം വീട് എങ്കെയിറുക്ക്?

അമ്മ അവനെതുറിച്ചു നോക്കി.

നൃത്തം കഴിഞ്ഞപ്പോൾ അവർ തിരിച്ചു നടക്കാൻ തുടങ്ങി. ഇരുട്ടിലെവിടേ നിന്നോ ഇപ്പോൾ അക്കാവും വന്നിരിക്കുന്നു. അവൻ അപ്പാവെ വിട്ട് അവളോടൊപ്പം നടക്കാൻ തുടങ്ങി.

അക്കാ എന്തിനായിരിക്കും അയാളോടൊപ്പം പോയത്. അവൻ അവളെ വെറുതേ തോണ്ടി.

അച്ഛനുമമ്മക്കും ഏറെ പിറകിലായിരുന്നു അവർ.

അക്കാ എങ്കെപ്പോറേൻ?

അവൾ അവനെതിരിഞ്ഞു നോക്കി മുഖം വ്യക്തമാകുന്നില്ല.

അവൾ പതിയെ പറഞ്ഞു.

അവുങ്ക എനക്ക് അപ്പാ, അമ്മാ അല്ലൈ, അവുങ്കളുക്ക് കുളന്തൈ നീ

മട്ടും താൻ.

അവൾ വെട്ടിത്തിരിഞ്ഞ് നടക്കാൻ തുടങ്ങി.

അവൻ ആകാശത്തേക്കു നോക്കി. പകൽ ഒരു സൂര്യനേയുള്ളൂ. രാത്രി എന്തു മാത്രം നക്ഷത്രങ്ങളാണ്. ഇതൊക്കെ എവിടുന്ന് വരുന്നു. കാട്ടുപൊന്തയിൽ വന്നിരുന്ന് മിന്നാമിനുങ്ങുകൾ മിന്നുന്നു. ഭൂതത്തിന്റെ ഒത്തിരി കണ്ണുപോലെ. അവനു പേടിയായി.

നിലത്തേക്ക് മാത്രം നോക്കി നടന്നു.

അക്കയെന്തേ അങ്ങിനെ പറഞ്ഞു.

അക്കായുടെ അമ്മാവും അപ്പാവും അല്ലേ ഇത്. അതുകൊണ്ടാണോ അപ്പാ എപ്പോഴും അക്കായോട് കയർക്കുന്നത്.

രാത്രി കിടന്നുറങ്ങുമ്പോൾ അവൻ ആകാശത്തേക്കു നോക്കി. അത് വലിയ ഒരു പുതപ്പായി തന്നെ പൊതിയുന്നതവനറിഞ്ഞു. കരിങ്കറുപ്പു കങ്കളത്തിൽ ഒത്തിരി മുത്തുകൾ തുന്നിപ്പിടിപ്പിച്ച വലിയ ഒരു പുതപ്പ്. പിറ്റേന്ന് അവർ പൂരപ്പറമ്പിൽ തന്നെയായിരുന്നു. അവനും അക്കായും വർണബലൂണുകളുമായി ആൾക്കൂട്ടത്തിനിടയിലൂടെ തലങ്ങും വിലങ്ങും നടന്നു. പൂരം തിമിർക്കുമ്പോൾ നിരന്ന ആനകൾക്കിടയിൽ അവൻ മുറിക്കൊമ്പനെകണ്ടു.

അവൻ സൂക്ഷിച്ചു നോക്കി.

അവന് സന്തോഷമായി ആന അവനെയും നോക്കുന്നുണ്ട്. ഇന്നലത്തെ പരിചയമാണ്.

അപ്പാ അവർക്കെല്ലാം പ്ലാസ്റ്റിക് പേപ്പറിൽ പൊതിഞ്ഞ ചോറും കറികളും വാങ്ങി നൽകി. പൂരപ്പറമ്പിലെ ഒരൊഴിഞ്ഞ മൂലയിലിരുന്ന് ചോറു തിന്നുമ്പോൾ അവൻ അക്കായെ ശ്രദ്ധിച്ചു. അവളുടെ മുഖത്ത് അവിടെയവിടെയായി പൊട്ടിയിരിക്കുന്നു. മുള്ളു കുത്തിയ പോലുണ്ട്.

അവന് സങ്കടം വന്നു. അക്കായോടൊപ്പം എങ്ങോട്ടെങ്കിലും പോയാലോ.

എങ്ങോട്ട് പോകാനാണ്.

റോഡുകൾക്കിരുവശവുമുള്ള ഏതെങ്കിലുമൊരു വീട്ടിലേക്കോ.

അവൻ സങ്കടം മാറ്റാനായി അക്കായോട് വെറുതേ ചോദിച്ചു.

ഇന്ത വീടെല്ലാം അവുങ്കൾക്ക് എപ്പടി കിടയ്ക്കറേൻ.

അക്കാ അവനെ പരിഭ്രമത്തോടെ നോക്കി. അവന്റെ ചോദ്യങ്ങളെല്ലാം അങ്ങിനെയയാണ്. ആർക്ക് മറുപടി പറയാൻ പറ്റും.

ശാപ്പിട് , പൈത്യം പേശാതെ.

അവൾ പൊതി ചുരുട്ടിയെടുത്ത് ചുണ്ടു തുടച്ചു. അവൻ വീണ്ടും ആനകളെ കെട്ടിയിട്ടിടത്തേക്ക് പോയി.

വീടില്ലാത്തവർ വേറേയുമുണ്ടന്നവനു തോന്നി. എന്തായാലും ഈ മുറിക്കൊമ്പന് വീടില്ല. അതുറപ്പ്. ആനകൾക്കൊന്നിനുമില്ല. മുറിക്കൊമ്പൻ അവനെനോക്കി ചെവിയാട്ടി. അവൻ ആനയെ നോക്കി ചിരിച്ചു. അതിന് നല്ല പരിചയമുണ്ട്. ആനയെ വിരട്ടുന്ന മല്ലൻമാർ ചുറ്റും നിൽക്കുന്നു.

ഇന്നും ഈയാനക്ക് ഇവരെ പേടിയാണോ.

ഉച്ച കഴിഞ്ഞിരുന്നു. ഇനി രാത്രിയിലേ പൂരമുള്ളൂ. അമ്മ അവനോട് പറഞ്ഞു.

തിരക്കിനിടയിൽ അപ്പാവോട് പൊരി വാങ്ങിത്തരാൻ പറയാൻ മറന്നു പോയി.

പൊരി വാങ്ങിയാൽ കുറച്ചാനക്കും കൊടുക്കണം.

രാത്രിയിൽ മേളക്കാരുടെ വരവു കണ്ടു.

നീണ്ട ഇരുമ്പു കമ്പിയിൽ തുണി ചുറ്റി കുളിർക്കെ എണ്ണയൊഴിച്ച് തീവെട്ടികൾ കത്താൻ തുടങ്ങി. തീവെട്ടികൾക്കിടയിൽ ഓട്ടമത്സരം നടത്തിയ കാറ്റ് ആനപ്പിണ്ടത്തിന്റെ മണവും പേറി തിരിച്ചു വന്നു.

അവൻ അങ്ങോട്ടേക്ക് നടന്നു.

ആനകളുടെ കീഴെ കിടന്നുറങ്ങിയ ആളുകളെല്ലാം എഴുന്നേറ്റിരിക്കുന്നു. സ്വർണ നിറത്തിലുള്ള അലങ്കാരങ്ങൾ ആളുകൾ താങ്ങിപ്പിടിച്ചു കൊണ്ടുവരുന്നു.

ആനകളും തയ്യാറാവുകയാണ്. മുന്നോട്ടാഞ്ഞ്, മൂത്രമൊഴിച്ചും പിണ്ടമിട്ടുമൊക്കെ. ഒറ്റക്കൊമ്പന്റെയടുത്തു നിൽക്കുന്നവർ ആനയോട് എന്തൊക്കെയോ പറയുന്നു.

പെട്ടെന്നാണ് കൊമ്പനൊന്ന് തിരിഞ്ഞത്. കാതടപ്പിക്കുന്ന കൊലവിളിയായിരുന്നു പിന്നെ.

ആൾക്കൂട്ടം അങ്ങുമിങ്ങും ചിതറിയോടുന്നു. കുറച്ച് പിന്നോട്ടോടിയവൻ എന്തിലോ തട്ടി നിന്നു. ഇനി എങ്ങോട്ടോടണമെന്നറിയാതെ അവൻ പകച്ചു പോയിരുന്നു. ഇരുട്ടിന്റെ കൂടാരം പോലെ ഒറ്റക്കൊമ്പൻ മുന്നോട്ടു വരുന്നതവൻ കണ്ടു.

ആൾക്കൂട്ടമൊഴിഞ്ഞ് കാലിയായ പറമ്പിൽ ആളൊഴിഞ്ഞ ഒരു വെച്ചുവാണിഭക്കടക്കു മുന്നിലായിരുന്നു അവൻ.

മുന്നോട്ടാഞ്ഞ മുറിക്കൊമ്പൻ അവനെകണ്ട് ഒന്നു നിന്നു. അവനും മുറിക്കൊമ്പനും മുഖാമുഖം നിൽക്കുകയാണിപ്പോൾ. ആനക്കു വേണമെങ്കിൽ ഇപ്പോഴവനെ നിഷ്പ്രയാസം തൂക്കിയെറിയാം.

ആനയുടെ തുമ്പിക്കൈ നീണ്ടു വരുന്നത് അവൻ കണ്ടു. അതവനെയും കടന്ന് പിന്നിലേക്ക്പോയി. അവിടെ കെട്ടഴിച്ചിട്ട പൊരിച്ചാക്കുകൾ കൂട്ടംകൂടിക്കിടന്നിരുന്നു.

പെട്ടെന്നാണ് ബഹളം കേട്ടത്. ആനക്കരികിൽ കല്ലുകൾ വന്നുവീഴാൻ തുടങ്ങി.

പൊരിയെടുക്കാതെ ആനമുന്നോട്ടോടി. ശൂന്യമായ പൂരപ്പറമ്പിലൂടെ, പിന്നാലെ വന്നവരും.

അവൻ എഴുന്നേറ്റു നിൽക്കുമ്പോൾ ഒരാൾ തനിച്ച് ഓടി വരുന്നതു കണ്ടു. അയാൾ അവിടെയും ഇവിടെയും തപ്പി കടക്കുള്ളിൽ നിന്നും ഒരു പ്ലാസ്റ്റിക് പെട്ടിയുമായി ഓടുന്നു.

അമ്മായും അപ്പായും അക്കായുമെവിടെ

ആരേയും കാണുന്നില്ല.

അവൻ കടയിൽ നിന്നും കുറച്ച് പൊരി വാരിയെടുത്ത് കീശയിലിട്ടു. ദൂരെ ആനയെത്തുടർന്ന് പോയിടത്ത് ആൾക്കൂട്ടം കാണാം. പേടി തോന്നിയെങ്കിലും അവൻ അങ്ങോട്ടേക്ക് നടന്നു.

ആരോ ഒരാളുടെ കൈ മേൽവന്നുവീണു.

അപ്പാവാണ്.

രാമകൃഷ്ണാ നീ എങ്കെപ്പോയാച്ച്?

അപ്പാ അവനെപിടിച്ചു നിർത്തി.

അവന് ആനയുടെ അടുത്തേക്ക് പോകണമെന്ന് പറയണമെന്നുണ്ട്.

പക്ഷേ അപ്പാ വിട്ടില്ല. അവനറിയാം അതപകടമെന്നേ പറയൂ.

എന്തപകടമെന്നാണ്. അല്ലെങ്കിൽ തന്നെ വെറുതേ വിടുമോ.

നടന്നുപോകെ അവൻ കണ്ടു. തെങ്ങിൽ കെട്ടിയിട്ടിരിക്കുകയാണ് മുറിക്കൊമ്പനെ. അവൻ അങ്ങുമിങ്ങും വലിക്കുന്നു. തെങ്ങിപ്പോൾ മറിയുമെന്ന് തോന്നി.

പാവം അത്ക്ക് പൊരി ശാപ്പിട്റ്റുക്ക്.

അവൻ ആരോടെന്നില്ലാതെ പറഞ്ഞു.

അപ്പൻ അവനെകൂട്ടി പുറത്തേക്ക് നടന്നു. ആളുകൾ ഉത്സവപ്പറമ്പിലേക്ക് തിരികെ വന്നുതുടങ്ങിയതവൻ കണ്ടു.

അവൻ ഒരുപിടി പൊരി വാരി വായിലിട്ടു.

ഉപ്പു രസത്തോടൊപ്പം അത് ഉമിനീരിലലിഞ്ഞു പോകുന്നു.

അവൻ വീണ്ടും തിരിഞ്ഞു നോക്കി.

കാലിലിട്ട ചങ്ങലയുമായി കൊമ്പുകുലുക്കുകയാണ് മുറിക്കൊമ്പൻ

അവന് കരച്ചിൽ വന്നു. വായിലലിഞ്ഞു തുടങ്ങിയ പൊരി എന്തോ അവൻ തുപ്പിക്കളഞ്ഞു. ■